പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1057 — 01/07/2015 - ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലെ പാളിച്ച**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.വി.രാജേഷ് | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ എസ്.എസ്.എൽ.സി ഫല പ്രഖ്യാപനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പാളിച്ചകളാണ് വിദ്യാഭ്യാസ വകുപ്പിന് സംഭവിച്ചിട്ടുള്ളത്; | (എ) ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും അപ് ലോഡ് ചെയ്ത മാർക്കുകൾ ചില സാങ്കേതിക തകരാറുകൾ മൂലം പൂർണ്ണമായി സർവ്വറിൽ ലഭിയ്ക്കാതിരുന്നതും ചില സ്കൂളുകളിൽ നിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ എസ്.എസ്. എൽ.സി ഫല പ്രഖ്യാപനത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) ഇതുമായി ബന്ധപ്പെട്ട് ആരുടെയെങ്കിലും പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | (സി) ഇതുമായി ബന്ധപ്പെട്ട അന്വേഷണം നടക്കുകയാണ്. ആരുടേയും പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) ഇനിയും ഇതുപോലുള്ള പാളിച്ചകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഇതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റി പ്രശ്നത്തിന്റെ വിവിധ വശങ്ങൾ പഠിച്ചു വരികയാണ്. പാളിച്ചകൾ സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേലുള്ള ശുപാർശകൾ കൂടി കണക്കിലെടുത്ത് കൂടുതൽ സമഗ്രമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ